# ARTICLES (A, AN, THE)

## Use of a/ an

**Rule: 1**

- ഒരു വാക്കിന്റെ ഉച്ചാരണം തുടങ്ങുന്നത് a, e, i, o, u എന്നീ സ്വരശബ്ദ (Vowels) ത്തിലേതെങ്കിലുമൊന്നിലാണെങ്കിൽ ആ വാക്കിനു മുന്നിൽ 'an' ആണ് ചേർക്കേണ്ടത്.
- Eg: an apple, an actor, an elephant, an example, an industrialist, an orange, an umpire
- She wanted to be __________ actress.

  Ans: an

**Rule: 2**

- H ൽ തുടങ്ങുന്ന ചില വാക്കുകളുടെ ഉച്ചാരണം ആരാഭിക്കുന്നതും സ്വരശബ്ദത്തിലാണ്. അത്തരം വാക്കുകളുടെ മുന്നിലും 'an' ആണ് ഉപയോഗിക്കേണ്ടത്.
- Eg: an honest man, an heir, an hour
- There is _______ hourly bus service on this route.

  Ans: an

**Rule: 3**

- f, h, l, m, n, r, s, x എന്നീ Consonant അക്ഷരങ്ങളിൽ തുടങ്ങുന്ന short form കളുടെ ഉച്ചാരണം സ്വരശബ്ദത്തിലായതിനാൽ അവയുടെ മുന്നിലും 'an' ആണ് ഉപയോഗിക്കേണ്ടത്.
- Eg: an FIR, an HOD, an LTTE leader, an LCD TV, an MLA, an NRI, an RTO, an SI, an X-ray film
- _________ MLA should know what his voters expect of him.

  Ans: An

SSC RRB EXAMS

**Rule: 4**

- ഒരു വാക്കിന്റെ  ഉച്ചാരണം  Consonant ( വ്യഞ്ജന ശബ്ദം) ൽ ആരംഭിച്ചാൽ ആ വാക്കിന് മുന്നിൽ 'a' ആണ് ചേർക്കേണ്ടത്.
- Eg: a doctor, a teacher, a student, a book, a tree, a purse
- I saw _______ sheep in the garden.

  Ans: a

**Rule: 5**

- ചുവടെ കൊടുത്തിരിക്കുന്ന വാക്കുകൾ ആരംഭിക്കുന്നത് സ്വരാക്ഷരം കൊണ്ടുതന്നെയാണെങ്കിലും അവയുടെ ഉച്ചാരണം വ്യഞ്ജന ശബ്ദത്തിലായതിനാൽ അവയുടെ മുന്നിൽ 'a' ആണ് ചേർക്കേണ്ടത്.
- Eg: a union, a university, a one eyed man, a European, a ewe
- That is _________ eucalyptus tree.

  Ans: a

**Rule: 6**

- ഏതെങ്കിലുമൊരു നാമ (Noun) ത്തിനു മുന്നിൽ വിശേഷണം (Adjective) വരുന്നെങ്കിൽ അതിനുമുന്നിൽ a/an ചേർക്കണം.
- He is ________ old student of this institution.

  Ans: an
- I saw ________ beautiful girl on the road.

  Ans: a

SSC RRB EXAMS

**Rule: 7**

- എണ്ണുവാൻ കഴിയുന്ന വസ്തുക്കളെക്കുറിച്ച് പറയുമ്പോൾ ആ വാക്യത്തിൽ 'such' വരുന്നെങ്കിൽ such കഴിഞ്ഞാലുടൻ a/an ചേർക്കണം.

- I don't like such ________ bike.

  Ans: a

- He doesn't want such ______ job.

  Ans: a

**Rule: 8**

- 'What' ന് ശേഷം ഒരു Article ഉപയോഗിക്കേണ്ടതായിട്ടുണ്ടെങ്കിൽ a/an ഉപയോഗിക്കണം.

- What ______ idea, Setji!

  Ans : an

- What ______ shame!

  Ans : an

- What ______ lovely day!

  Ans : a

**Rule: 9**

- ഒരു വിശേഷണ പദത്തിനു മുന്നിൽ 'so' വന്നാൽ ആ വിശേഷണത്തിനുശേഷം a/an ഉപയോഗിക്കണം.

- Nobody can solve so difficult ______ problem.

  Ans : a

SSC RRB EXAMS

**Rule: 10**

- ഒരു വർഗത്തെ മുഴുവൻ പ്രതിനിധീകരിക്കുന്നതിന് ഒരു Singular noun ന് മുന്നിൽ a/an ഉപയോഗിക്കാം.
- An elephant is _______ big animal.

  Ans: a
- _______ Parrot is green in colour.

  Ans: a
- Definite ആർട്ടിക്കിളും ഇതേ അർത്ഥ ത്തിൽ ഉപയോഗിക്കാറുണ്ട്.

**Rule: 11**

- ചെറിയതരത്തിലുള്ള അസുഖങ്ങൾക്ക് മുന്നിൽ a/an ഉപയോഗിക്കണം.
- Tom has _______ headache.

  Ans: a

**Rule: 12**

- വേഗം, വില എന്നിവയെപ്പറ്റി പറയുമ്പോൾ per (ഓരോ) എന്ന അർത്ഥത്തിൽ a/an ഉപയോഗിക്കാം.
- My brother bought the oranges at Rs. 60/- ________ kilo.

  Ans: a

SSC RRB EXAMS

## Uses of 'the'

### Rule: 1

- ലോഹങ്ങളടക്കമുള്ള ദ്രവ്യങ്ങളുടെ പേരുകൾക്ക് മുന്നിൽ അവയെക്കുറിച്ച് പ്രത്യേക സൂചന ഇല്ലെങ്കിൽ the ഉപയോഗിക്കുവാൻ പാടില്ല.

- Eg: Gold is a precious metal.

- Milk is good for health.

- ഇവിടെ Gold നും Milk നും മുന്നിൽ the ചേർത്തിട്ടില്ല. എന്നാൽ ചുവടെ കൊടുത്തിരിക്കുന്നവയിൽ Gold, Milk എന്നിവയെക്കുറിച്ച് പ്രത്യേകം പരാമർശിച്ചിരിക്കുകയാണ്.

- The gold brought from South Africa is of better quality.

- The milk brought from my uncle's house has not been used.

- ഇവിടെ ആദ്യ വാചകത്തിൽ പറയുന്നത് ദക്ഷിണാഫ്രിക്കയിൽ നിന്നു കൊണ്ടുവന്ന സ്വർണത്തെക്കുറിച്ചും രണ്ടാമത്തെ വാചകത്തിൽ പറയുന്നത് അമ്മാവന്റെ വീട്ടിൽ നിന്നും കൊണ്ടുവന്ന പാലിനെക്കുറിച്ചുമാണ്.

### Rule: 2

- മുൻപ് സൂചിപ്പിച്ച ഒരു നാമത്തെക്കുറിച്ച് വീണ്ടും പറയേണ്ടിവരുമ്പോൾ the ഉപയോഗിക്കണം.

- I saw a man on the road while I was going to my office. ______ man was very tall and handsome.

  Ans : The

SSC RRB EXAMS

**Rule: 3**

- പത്രങ്ങൾ, മാസികകൾ, തീവണ്ടികൾ, കപ്പലുകൾ, കടകൾ, ബാങ്കുകൾ, തിയേറ്ററുകൾ, പൊതു സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവയുടെ പേരുകൾക്ക് മുന്നിൽ The ഉപയോഗിക്കുന്നു.

- Eg: The New Indian Express, The Hindu, The Titanic, The Rajadhani Express, The City Hotel

- __________ Titanic sank in the North Atlantic ocean on 15th April 1912.

  Ans: The

**Rule: 4**

- വിശുദ്ധ ഗ്രന്ഥങ്ങളുടെ പേരുകൾക്ക് മുന്നിൽ The ഉപയോഗിക്കുന്നു.

- Eg: The Bhagavat Gita, The Quran, The Bible, The Ramayana

- He reads _________ Bhagavat Gita twice a week.

  Ans: the

- എന്നാൽ പുസ്തകത്തിന് മുന്നിൽ ഗ്രന്ഥകർത്താവിന്റെ പേര് പറയുമ്പോൾ The ഉപയോഗിക്കരുത്.

- Eg: Valmiki's Ramayana

**Rule: 5**

- Superlativ കൾക്ക് മുന്നിൽ the ഉപയോഗിക്കുന്നു.

- Taj Mahal is __________ most beautiful building in India.

  Ans: the

SSC RRB EXAMS

**Rule: 6**

- ❖ ഒരു വാചകത്തിലെ രണ്ട് clause കളിലും Comparative വരുന്നെങ്കിൽ (The more..... the more ന്റെ പ്രയോഗം) അവയ്ക്കു മുന്നിലും The ഉപയോഗിക്കുന്നു.

- ❖ Eg: The more you eat, the fatter you become.

**Rule: 7**

- ❖ സംഗീതോപകരണങ്ങളുടെ പേരുകൾക്ക്  മുന്നിലായി the ഉപയോഗിക്കുന്നു.

- ❖ They play _________ violin.

  Ans: the

**Rule: 8**

- ❖ കളികളുടെ പേരുകൾക്ക് മുന്നിലും breakfast, lunch, dinner, supper എന്നിവയ്ക്ക് മുന്നിലും The ചേർക്കാറില്ല.

- ❖ എന്നാൽ അവയെക്കുറിച്ച് പ്രത്യേക പരാമർശമുണ്ടെങ്കിൽ the ഉപയോഗി ക്കണം.

- ❖ I don't watch _______ cricket match.

  Ans: No article

- ❖ I am interested in ________ cricket match between India and Pakistan

  Ans: the

- ❖ I have my lunch at 1:00 pm everyday _________ lunch I had from the Indian Coffee House is delicious.

  Ans: the

SSC RRB EXAMS

**Rule: 9**

- First, second, third ordinal number ന്റെ കൂടെ the ഉപയോഗിക്കണം.
- June is ________ sixth month of a year.

  Ans: the

**Rule: 10**

- വ്യത്യസ്ത സംസ്ഥാനങ്ങൾ/ഘടകങ്ങൾ ചേർന്നതാണ് ഒരു രാജ്യമെന്ന് അതിന്റെ പേരിൽ നിന്നുതന്നെ വ്യക്തമാകുന്നെങ്കിൽ അതിന് മുന്നിൽ The ഉപയോഗിക്കണം.
- അതുപോലെ, ഒരു രാജ്യത്തിന്റെ പേരിനൊപ്പം Republic, Federation, Kingdom, Sultanate, etc. എന്നീ പദങ്ങൾ ഉണ്ടെങ്കിൽ ആ രാജ്യത്തിന്റെ പേരിന് മുന്നിലും The ചേർക്കണം.
- Eg: The USA, The Maldives, The UAE, The United Kingdom, The Republic of India
- Have you been to Canada or the United States?

**Rule: 11**

- ശരീരഭാഗങ്ങളുടെ പേരുകളെ കുറിക്കുന്ന വാക്കുകൾക്ക് മുന്നിൽ The ഉപയോഗിക്കണം.
- Eg: The heart, The eyes, The hands

SSC RRB EXAMS

**Rule: 12**

- കനാലുകൾ, നദികൾ, കടലിടുക്കുകൾ, സമുദ്രങ്ങൾ, ദ്വീപസമൂഹങ്ങൾ, താഴ് വരകൾ, വനങ്ങൾ, മരുഭൂമികൾ, പർവതങ്ങൾ എന്നിവയുടെ പേരിന് മുന്നിൽ The ഉപയോഗിക്കണം.
- Eg: The Suez, The Bay of Bengal, the Brahmaputra, the Indonesia, The Sahara, The Black Forest. The Silent Valley
- എന്നാൽ ഒറ്റയായി നിലകൊള്ളുന്ന പർവ്വതങ്ങൾ, ദ്വീപുകൾ എന്നിവയുടെ പേരിന് മുന്നിൽ The ഉപയോഗിക്കരുത്.
- Eg: Mount Everest, Cyprus

**Rule: 13**

- ഒരു രാജ്യത്തിലേയോ, സമൂഹത്തിലേയോ ജനങ്ങളെ മുഴുവനായി സൂചിപ്പിക്കുവാൻ The ഉപയോഗിക്കണം.
- Eg: The Indians, The Chinese, The French, The English, The Assamese
- എന്നാൽ ഒരു രാജ്യത്തെ ഭാഷയുടെ മുന്നിൽ The ചേർക്കരുത്.
- Eg: English, Spanish, French, Malayalam, Hindi
- എന്നാൽ ഭാഷയുടെ പേരിനൊപ്പം Language എന്നുണ്ടെങ്കിൽ The ചേർക്കണം.
- Eg: The Malayalam language, The English language
- The history of the Sanskrit language is not clear.

SSC RRB EXAMS

**Rule: 14**

- ദിവസങ്ങൾ, മാസങ്ങൾ, ആഘോഷ ദിവസങ്ങൾ എന്നിവയുടെ മുന്നിലായി The ചേർക്കരുത്.
- Eg: Sunday, June, Republic Day
- Car, Bus, Aeroplane എന്നീ ഗതാഗതത്തിനുപയോഗിക്കുന്ന വാഹനപദങ്ങൾക്ക് മുന്നിൽ The ചേർക്കേണ്ടതില്ല.
- Eg: Tom went to Dublin by aeroplane.
- Sana travelled to Kochi by car.

**Rule: 15**

- School, College, Hospital, Prison, Market എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ആവശ്യത്തിനല്ല ആ സ്ഥലത്ത് പോകുന്നതെങ്കിൽ അവയ്ക്ക് മുന്നിൽ The ഉപയോഗിക്കുകയും മറിച്ചാണെങ്കിൽ the ഉപയോഗിക്കാതിരിക്കുകയും വേണം.
- Eg: My sister goes to school everyday.
- I went to the school to see her.
- I went to hospital yesterday.
- I went to the hospital to see my friend who was admitted there.

**Rule: 16**

- Love, Life, Art, Literatureതുടങ്ങിയ പദങ്ങൾക്ക് മുന്നിൽ The ചേർക്കേണ്ടതില്ല.
- Eg: Love is blind.
- Literature takes on moral complexity.

SSC RRB EXAMS